"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഈസ് ഓഫ് ലിവിങ് (Ease of Living) സർവ്വേ- സർവ്വേ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.129/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2021

പരാമർശം:- 1. സ.ഉ.(കൈ)നം.112/2021/തസ്വഭവ തീയതി 24.06.2021

2. ഗ്രാമവികസന കമ്മീഷണറുടെ 05.07.2021-ലെ 729/പി&എം.6/2020/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഈസ് ഓഫ് ലിവിങ് (EoL) സർവ്വേ കേരളത്തിൽ നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ പരാമർശം (2) പ്രകാരം സമർപ്പിച്ച ഗ്രാമവികസന കമ്മീഷണർ, ടി പ്രൊപ്പോസൽ പരിഗണിച്ച് അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈസ് ഓഫ് ലിവിങ് സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ട അവസാന തീയതി **2021 ജൂലൈ 31** ആണ്. ഈ സമയപരിധിക്കുള്ളിൽ സർവ്വേ വിജയകരമായി പൂർത്തീകരിക്കുന്നതിന് ഗ്രാമ വികസന വകുപ്പ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കുടുംബശ്രീ എന്നിവരുടെ കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. സർവ്വേയുമായി ബന്ധപ്പെട്ട വിവര ശേഖരണം ലളിതമാക്കുന്നതിനായി കുടുംബശ്രീ CDS ന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ എന്നിവരുടെ സേവനം സർവ്വെയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, കേരളത്തിലെ ഈസ് ഓഫ് ലിവിങ് സർവേ നടത്തിപ്പിനായി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾക്ക് പുറമെ ചുവടെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ കൂടി പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

- ഗ്രാമവികസന വകുപ്പും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന ഈസ് ഓഫ് ലിവിങ് സർവേയുടെ പ്രവർത്തനങ്ങൾ സംസ്ഥാന/ജില്ലാ/ബ്ലോക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള ഗവേർണിംഗ് സെല്ലുകൾ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്.
- ബ്ലോക്ക് തലത്തിൽ സർവേയുടെ ഏകോപന ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ ഏകോപന ചുമതല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറും നിർവഹിക്കേണ്ടതാണ്.
- ജനപ്രതിനിധി, കുടുംബശ്രീ പ്രവർത്തകർ, വാർഡ് തല ശുചിത്വ സമിതി അംഗങ്ങൾ മുതലായ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സർവ്വേയുടെ വിവര ശേഖരണത്തിനുള്ള പൂർണമായ ചുമതല ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കായിരിക്കും.
- പഞ്ചായത്ത് വാർഡ് തലത്തിൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുന്നതിനും, സർവ്വേയുടെ ഭാഗമായി രേഖപ്പെടുത്തേണ്ട റേഷൻകാർഡ് നമ്പർ, തൊഴിൽ കാർഡ് നമ്പർ തുടങ്ങിയവ ശേഖരിക്കുന്നതിന് സഹായിക്കുന്നതിനായി വാർഡ് തലത്തിൽ കുടുംബശ്രീ അംഗങ്ങളെ/സന്നദ്ധ സെന അംഗങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്.
- താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ മിഷൻ അന്ത്യോദയ സർവ്വേക്കായി അവർക്ക് അനുവദിച്ചിട്ടുള്ള ലോഗിൻ മുഖാന്തിരം ഈസ് ഓഫ് ലിവിങ്ങ് സർവ്വേയുടെ പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും, പ്രസ്തുത ഡാറ്റായുടെ വാലിഡേഷൻ ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ആഫീസർ (പ്ലാനിംഗ് &മോണിറ്ററിംഗ്) നടത്തേണ്ടതുമാണ്.
- പോർട്ടലിൽ നിന്നും ലഭിക്കുന്ന "ABSTRACT"-ൽ പഞ്ചായത്ത് പ്രസിഡന്റ്/ പഞ്ചായത്ത് സെക്രട്ടറിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ പ്രസ്തുത ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും, ഡാറ്റായുടെ വാലിഡേഷൻ പൂർത്തിയാക്കി തിരികെ ഇൻവെസ്റ്റിഗേറ്ററെ ഏല്പിക്കേണ്ടതുമാണ്. ആയത് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് സർവ്വേ നടപടികൾ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ പൂർത്തീകരിക്കേണ്ടതാണ്.

**<u>ഓണറേറിയം</u>**

സർവ്വേയുമായി ബന്ധപ്പെട്ട ഫീൽഡ് ജോലികൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഓണറേറിയം നൽകേണ്ടതുണ്ട്. ഒരു ദിവസം 20 വീടുകൾ കണക്കാക്കി ഒരു ഗ്രാമ പഞ്ചായത്തിൽ ഫീൽഡ് ജോലി ചെയ്യുന്ന ഒരാൾക്ക് ഓണറേറിയമായി 220/- രൂപയും, യാത്ര, ഭക്ഷണ ചിലവ് എന്നിവയ്ക്കായി 110/- രൂപയും എന്ന നിരക്കിൽ 2 പേർക്ക് ഓണറേറിയമായി 660/- രൂപ അനുവദിക്കുന്നതിന് സർവ്വേയുടെ മാർഗ്ഗനിർദേശങ്ങളിൽ കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്.

**<u>സർവേ നടത്തിപ്പിനാവശ്യമായ തുക</u>**

സർവേ നടത്തിപ്പിനാവശ്യമായ ചിലവ് സംസ്ഥാനത്തിന്റെ NRLM Fund, MGNREGS Admin ഫണ്ട് എന്നിവയിൽ നിന്ന് തുല്യമായി നിർവഹിക്കാവുന്നതാണ്.

**<u>സമയ ക്രമീകരണം</u>**

| | |
|---|---|
| സർവ്വേയ്ക്ക് ആവശ്യമായ വിവരശേഖരണം പൂർത്തീകരിക്കേണ്ടത് | 2021 ജൂലൈ 5-15 |
| വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലേക്ക് രേഖപ്പെടുത്തുന്നത് പൂർത്തീകരിക്കേണ്ടത് | 2021 ജൂലൈ 6-25 |
| ഡാറ്റ വാലിഡേഷൻ | 2021 ജൂലൈ 12 മുതൽ വരെ 2021 ജൂലൈ 25 വരെ |
| വാലിഡേറ് ചെയ്ത അന്തിമ ഡാറ്റ അപ് ലോഡിങ് | 2021 ജൂലൈ 25 മുതൽ വരെ 2021 ജൂലൈ 30 വരെ |
| ഈസ് ഓഫ് ലിവിങ് സർവേ പൂർത്തീകരണം | 2021 ജൂലൈ 31. |

കേരളത്തിലെ ഈസ് ഓഫ് ലിവിങ് സർവേ നടപടികൾ **2021 ജൂലൈ 31**-ന്ന തന്നെ പൂർത്തീകരിക്കുന്നതിനായി മേൽ സമയക്രമീകരണം കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്,തിരുവനന്തപുരം
വികേന്ദ്രീകൃത ആസൂത്രണ വിഭാഗം ചീഫ് , കേരള സംസ്ഥാന ആസൂത്രണ ബോർഡ്
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും ( സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (എ &ഇ), തിരുവനന്തപുരം
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

Signed by Nisam N
Date: 09-07-2021 11:09:49
Reason: Approved